(സി) അപേക്ഷകളൊന്നും ആവശ്യപ്പെട്ടിട്ടില്ല.

(ഡി) അന്തിമമായി തീരുമാനിച്ചിട്ടില്ല.

(ഇ) ഇല്ല. നിലവിലുള്ള സർക്കാർ എയ്ഡഡ് സ്കൂളുകളുടെ പ്രവർത്തനത്തെ ബാധിക്കാത്ത വിധത്തിൽ പ്രവർത്തിക്കുന്ന അൺ എയ്ഡഡ് സ്കൂളുകൾക്കാണ് അംഗീകാരം നൽകാറുള്ളത്.

അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകൽ

157 [740] *ശ്രീ. എ. കെ. ബാലൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഞ്ച് വർഷത്തിൽ അധികമായി പ്രവർത്തിക്കുന്ന അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത അംഗീകാരത്തിന്റെ മാനദണ്ഡങ്ങളും ഉപാധികളുമെന്താണെന്ന് വെളിപ്പെടുത്തുമോ;

(സി) എയ്ഡഡ് സ്കൂളിലേതുപോലെ ടീച്ചിംഗ്; നോൺ ടീച്ചിംഗ് സ്റ്റാഫിന് ശമ്പളം നൽകാൻ തയ്യാറാവുമോ?

ഉത്തരം

(എ) & (ബി) സംസ്ഥാനത്ത് അഞ്ച് വർഷത്തിലധികമായി പ്രവർത്തിക്കുന്ന അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകാൻ സർക്കാർ അന്തിമമായ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(സി) അൺ എയ്ഡഡ് സ്കൂളുകളിലെ സ്റ്റാഫിന് സർക്കാർ ശമ്പളം നൽകാൻ ഉദ്ദേശമില്ല.

അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനെ സംബന്ധിച്ച്

158 [741] *ശ്രീ. കോവൂർ കുഞ്ഞുമോൻ:*
,, *എ. എ. അസീസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര അൺ എയ്ഡഡ് സ്കൂളുകൾ പ്രവർത്തിക്കുന്നുവെന്ന് വെളിപ്പെടുത്താമോ;

GPM. 2/574/2012—24

LIBRARY ARCHIVES Kerala Legislative Assembly

(ബി) അഞ്ചു വർഷത്തിലധികമായി പ്രവർത്തിക്കുന്ന എത്ര സ്കൂളുകളാണ് നിലവിലുള്ളത്;

(സി) അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം ലഭിക്കുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് സ്കൂളിനോടനുബന്ധിച്ച് ഉണ്ടായിരിക്കേണ്ടതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഭാഗികമായി അംഗീകാരമുള്ളതും തീരെ അംഗീകാരം ഇല്ലാത്തതുമായ ഏകദേശം 2000 അൺ എയ്ഡഡ് സ്കൂളുകൾ ഇപ്പോൾ പ്രവർത്തിച്ചുവരുന്നുണ്ടെന്ന് മനസ്സിലാക്കുന്നു.

(ബി) പ്രത്യേക കണക്ക് ശേഖരിച്ചിട്ടില്ല.

(സി) കെ. ഇ. ആർ. അനുശാസിക്കുന്ന സ്ഥലസൗകര്യങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

വിദ്യാഭ്യാസ ഉപദേശക സമിതിയുടെ റിപ്പോർട്ട്

159 [742] *ശ്രീ. ടി. എൻ. പ്രതാപൻ:*
,, *വി. ജെ. പൗലോസ്:*
,, *എം. എം. ഹസ്സൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള എഡ്യൂക്കേഷൻ ആക്ട് അനുസരിച്ച് ഒരു വിദ്യാഭ്യാസ ഉപദേശക സമിതി രൂപീകരിക്കേണ്ടതുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ സമിതി രൂപീകരിച്ചിട്ടുണ്ടോ;

(സി) ഈ സമിതിയുടെ പ്രവർത്തന റിപ്പോർട്ട് നിയമസഭയിൽ വയ്ക്കേണ്ടതുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അത് സഭയുടെ മേശപ്പുറത്ത് വയ്ക്കാറുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഇ) ഈ സമിതിയുടെ എത്ര വർഷത്തെ പ്രവർത്തനറിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കാനുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) & (ബി) 6-4-2002-ലെ ജി. ഒ. (പി) നം. 62/2002/ജന. എഡ്യൂക്കേഷൻ പ്രകാരം സംസ്ഥാനതലത്തിൽ വിദ്യാഭ്യാസ ഉപദേശക സമിതി പുനഃസംഘടിപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly